NISH ONLINE INTERACTIVE DISABILITY AWARENESS SEMINAR- NIDAS

# TITLE: ഏർലി ഇന്റർവെൻഷന്റെ പ്രാധാന്യം

Vocational Paper Series No: 07 Vol: 2016/05

## എന്താണ് ഏർലി ഇന്റർവെൻഷൻ?

ഏതൊരു വൈകല്യവും വളരെ നേരത്തെ കണ്ടുപിടിക്കുകയും അതിനെ മറികടക്കാനുള്ള പരിഹാരമാർഗ്ഗങ്ങൾ നടപ്പിലാക്കുകയും ചെയ്യുന്നതാണ് ഏർലി ഇന്റർവെൻഷൻ കൊണ്ട് ഉദ്ദേശിക്കുന്നത്. കേൾവിക്കുറവുള്ള കുട്ടിയുടെ ഏർലി ഇന്റർവെൻഷൻ എന്നത്, കേൾവിക്കുറവ് എത്രയും നേരത്തെ കണ്ടുപിടിക്കുകയും അതിന് അനുയോജ്യമായ ശ്രവണസഹായി വയ്ക്കുകയും ഒപ്പം ഭാഷാപരിശീലനം ആരംഭിക്കുകയും ചെയ്യുക എന്നതാണ്.

## ലക്ഷ്യം

ഭാഷ വികസിപ്പിക്കുന്നതോടൊപ്പം സാമൂഹികമായും, വ്യക്തിപരമായും വിദ്യാഭ്യാസപരമായും ഉള്ള ജീവിത നിലവാരം ഉയർത്തുക എന്നുള്ളതാണ് ഏർലി ഇന്റർവെൻഷന്റെ പ്രധാന ലക്ഷ്യം.

## പ്രാധാന്യം

- കേൾവിക്കുറവു മൂലം ഒരു വ്യക്തിയുടെ ജീവിതത്തിലുണ്ടായേക്കാവുന്ന ആഘാതങ്ങൾ കുറച്ച്, സാധാരണ ജീവിതം നയിക്കാൻ അവരെ പ്രാപ്തരാക്കുക.
- പ്രത്യേക വിദ്യാഭ്യാസത്തിൻറെ ആവശ്യകത കുറയ്ക്കാനോ, വേണ്ടെന്നു വയ്ക്കാനോ സഹായിക്കുന്നു.

## എന്തുകൊണ്ട് നേരത്തെ?

ഏതൊരു വൈകല്യവും, ജനിച്ച്, ഒന്നു രണ്ടു വർഷത്തിനകം കണ്ടു പിടിച്ചാൽ, ആ വൈകല്യം കൊണ്ട് ഉണ്ടായേക്കാവുന്ന ദോഷഫലങ്ങൾ ഒരു പരിധിവരെ, മറികടക്കാനാകും.

കേൾവിക്കുറവിനെ സംബന്ധിച്ച് പറയുകയാണെങ്കിൽ, ജനിച്ച്, ആദ്യത്തെ 2 വയസ്സ് വരെയാണ് ഭാഷാവികസനത്തിനായി തലച്ചോറ് ഏറ്റവും കൂടുതൽ സജ്ജമായിരിക്കുന്നത് എന്ന് പഠനങ്ങൾ തെളിയിക്കുന്നു. ഈ കാലയളവിനെ ക്രിട്ടിക്കൽ പിരീഡ് എന്നാണ് പറയുക. ക്രിട്ടിക്കൽ പിരീഡ് കഴിഞ്ഞാൽ, ഭാഷ പഠിക്കാനുള്ള കഴിവ് കുറഞ്ഞുവരുന്നതായി ശാസ്ത്രലോകം വിലയിരുത്തുന്നു.

## കേൾവിക്കുറവിന്റെ പ്രത്യാഘാതങ്ങൾ

കേൾവിക്കുറവ് ഒരു വ്യക്തിയുടെ ജീവിതത്തെ പല രീതിയിൽ ബാധിക്കുന്നു. കേൾക്കാനുള്ള കഴിവിനെ, സംസാരിക്കാനുള്ള കഴിവിനെ, ആശയവിനിമയത്തിനുള്ള കഴിവിനെ ചിന്തിക്കാനുള്ള കഴിവിനെ..

ആശയവിനിമയത്തിനോ സംസാരിക്കാനോ ഉള്ള കഴിവില്ലെങ്കിൽ സമൂഹത്തിൽ നിന്ന് ഉൾവലിഞ്ഞേക്കാവുന്ന പ്രവണത അവനിലുണ്ടാകുകയും ആ ഒറ്റപ്പെടൽ സമൂഹത്തിനേയും അവനെത്തന്നെയും ദോഷകരമായി ബാധിക്കുകയും ചെയ്യുന്നു.

അതുകൊണ്ടാണ് ആശയവിനിമയത്തിനുള്ള പരിശീലനം അത് ഏത് രീതിയിലാണെങ്കിലും, അതായത്, സംസാര ഭാഷയായയോ, ആംഗ്യ ഭാഷയായോ, ഇത് രണ്ടും ഒരുമിച്ചോ,എത്രയും നേരത്തെ ആരംഭിക്കണം എന്നു പറയുന്നതിൻറെ പ്രസക്തി.

## ഏർലിഇന്റർവെൻഷനിൽ ഭാഷാവികസനം എങ്ങനെ?

കേൾവിക്കുറവുള്ള കുട്ടികളിൽ ഭാഷാവികസനം സാധ്യമാകണമെങ്കിൽ, ചിട്ടയായും, സ്ഥിരമായും ഉള്ള പരിശീലനരീതികൾ അവലംബിക്കേണ്ടതുണ്ട്.

പ്രധാനമായും രണ്ടു തരത്തിലുള്ള ഭാഷാപരിശീലന രീതികളാണ് ഇപ്പോൾ നിലവിലുള്ളത്.

1. ഓഡിറ്ററി ഓറൽ പ്രോഗ്രാം
2. ഓഡിറ്ററി വെർബൽ പ്രോഗ്രാം

1.ഓഡിറ്ററി ഓറൽ പ്രോഗ്രാം

ശ്രവണ സഹായിയുടെ സഹായത്താൽ, കുട്ടിയിൽ അവശേഷിക്കുന്ന കേൾവി പൂർണ്ണമായും പ്രയോജനപ്പെടുത്തി, ആവശ്യമെങ്കിൽ ചുണ്ടുകളുടെ ചലനങ്ങൾ ശ്രദ്ധിച്ചും ഭാഷാവികസനം നടത്തുന്ന രീതിയാണ് ഓഡിറ്ററി ഓറൽ പ്രോഗ്രാം.

2. ഓഡിറ്ററി വെർബൽ പ്രോഗ്രാം

കേൾവിയിൽക്കൂടി മാത്രം ഭാഷ വികസിപ്പിക്കുന്ന രീതി ആണ് ഓഡിറ്ററി വെർബൽ പ്രോഗ്രാം. സാധാരണയായി കോക്ലിയാർ ഇംപ്ലാൻറ് ചെയ്ത കുട്ടികൾക്കാണ് ഈ പരിശീലന രീതി ഉപയോഗിക്കുന്നത്. എന്നാൽ ഹിയറിംഗ് എയ്ഡിൽക്കൂടി വളരെ നന്നായി ശ്രദ്ധിക്കാൻ കഴിയുന്ന കുട്ടികൾക്കും ഈ പരിശീലനരീതി അവലംബിക്കാവുന്നതാണ്.

അധ്യാപിക, ഓഡിയോളോജിസ്റ്റ്, സൈക്കോളോജിസ്റ്റ്, സ്പീച്ച് തെറാപ്പിസ്റ്റ്, സോഷ്യൽ വർക്കർ, മാതാപിതാക്കൾ എന്നിവർ ചേർന്ന താണ് ഒരു ഏർലി ഇൻറർവെൻഷൻ ടീം.

## ഏർലി ഇന്റർവെൻഷനിൽ ശ്രവണസഹായിയുടെ പങ്ക്.

ഉറങ്ങുമ്പോഴും കുളിക്കുമ്പോഴും ഒഴികെ എല്ലായ്പോഴും കുട്ടി ഹിയറിംഗ് എയ്ഡ് വയ്ക്കേണ്ടത് ഏറ്റവും അത്യാവശ്യമാണ്. രണ്ടു ചെവിയിലും ഹിയറിംഗ് എയ്ഡ് വയ്ക്കേണ്ടതും അതുപോലെ അത്യാവശ്യമാണ്. കേൾവിക്കുറവിൻറെ തോതിന് ഏറ്റവും അനുയോജ്യമായ ശ്രവണസഹായിയാണ് തിരഞ്ഞെടുക്കേണ്ടത്. ആറ് മാസത്തിലൊരിക്കൽ കേൾവി പരിശോധന നടത്തേണ്ടതും ശ്രവണസഹായി യോജിക്കുന്നതാണെന്ന് ഉറപ്പ് വരുത്തേണ്ടതും അത്യാവശ്യമാണ്.

കേൾവിയുമായി ബന്ധപ്പെട്ട് എന്ത് പ്രശ്നങ്ങൾക്കും വിദഗ്ധയായ ഒരു ഓഡിയോളോജിസ്റ്റിൻറെ സേവനം തേടുക.

## ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

- കുട്ടിയുടെ ഒരു മീറ്റർ ചുറ്റളവിൽ നിന്ന് പറയുന്ന കാര്യങ്ങൾ മാത്രമേ തുടക്കത്തിൽ അവൻ ശ്രദ്ധിക്കുകയുള്ളു. സ്ഥിരവും ചിട്ടയായുമുള്ള പരിശീലനം കൊണ്ട് ഇതിന് തീർച്ചയായും മാറ്റങ്ങൾ വരും.
- കേൾവിക്കുറവുള്ള ഒരു കുട്ടിയോട് സംസാരിക്കുമ്പോൾ അമിതവേഗതയിലോ, , ഇഴച്ചോ, അത്യുച്ചത്തിലോ,എന്നാൽ ശബ്ദം തീരെ താഴ്ത്തിയോ സംസാരിക്കാൻ പാടില്ല. സാധാരണരീതിയിൽ വേണം സംസാരിക്കാൻ.
- ആശയവിനിമയം ശബ്ദങ്ങളിലോ, വാക്കുകളിലോ ഒതുക്കാൻ പാടില്ല. വാക്യങ്ങളിൽ കൂടിയാവണം. തുടക്കത്തിൽ, രണ്ടോ മൂന്നോ വാക്കുകൾ

ഉള്ള വാക്യങ്ങളാകണം. ഭാഷ വർദ്ധിക്കുന്നതനുസരിച്ച്, വാക്കുകളുടെ എണ്ണത്തിലും വാക്യങ്ങളുടെ ഘടനയിലും വ്യത്യാസം വരുത്താവുന്നതാണ്.

- കുട്ടി കാണുന്നതിനും, കുട്ടി ചെയ്യുന്നതിനും, കുട്ടി ചിന്തിക്കുന്നതിനും ഭാഷ കൊടുക്കേണ്ടതാണ്.
- കേൾവിയുള്ള ഒരു കുട്ടി ഒരു വാക്ക് മനസ്സിലാക്കുന്നത്, കുട്ടി ആ വാക്ക് പല സാഹചര്യങ്ങളിൽ, 40 തവണയിൽ കൂടുതൽ കേൾക്കുമ്പോഴാണ് എന്ന് പഠനങ്ങൾ തെളിയിക്കുന്നു. കേൾവിക്കുറവുള്ള ഒരു കുട്ടിയെ സംബന്ധിച്ചിടത്തോളം, 40 എന്നുള്ളത്, 400 ആയി വർദ്ധിക്കുന്നു. അതായത് ആവർത്തനത്തിന് വളരെ പ്രാധാന്യം ഉണ്ട്.
- കുട്ടിക്ക് താല്പര്യമുള്ള വിഷയങ്ങളെ കുറിച്ച് സംസാരിക്കുക, അവനിലെത്തിക്കേണ്ട വിഷയങ്ങളിൽ താല്പര്യം ഉണ്ടാക്കുക എന്നുള്ളതും പ്രാധാന്യം അർഹിക്കുന്നു.
- പുസ്തകങ്ങളിൽ കൂടിയും, ചെറിയ ചെറിയ പാട്ടുകളിൽ കൂടിയും നമുക്ക് ഭാഷ വികസിപ്പിക്കാവുന്നതാണ്.

## ഏർലി ഇന്റർവെൻഷന്റെ നേട്ടങ്ങൾ

ഏർലി ഇൻറർവെൻഷനിലൂടെ, കേൾവിക്കുറവുള്ള ഒരു കുട്ടിക്ക്, ഭാഷപരമായും, ബുദ്ധിപരമായും, അതേ പ്രായത്തിലെ കേൾവിയുള്ള ഒരു കുട്ടിയുടെ നിലവാരത്തിലെത്താൻ സാധിക്കുന്നു.

## മാതാപിതാക്കളുടെ പ്രാധാന്യം

ഏതൊരു ഏർലി ഇൻറർവെൻഷനിലെയും നിർണ്ണായക ഘടകമാണ് മാതാപിതാക്കൾ.

- ഒരു കുട്ടിയുടെ ആദ്യത്തെ അധ്യാപകർ മാതാപിതാക്കൾ തന്നെയാണ്.
- വളരെ ചെറിയ കുഞ്ഞുങ്ങൾ ഏറെ സമയവും മാതാപിതാക്കൾക്കൊപ്പമാണ്.
- മാതാപിതാക്കൾക്ക് ഒരു കുട്ടിയുടെ വളർച്ചയിലും, പഠനത്തിലും ഏറെ സ്വാധീനം ചെലുത്താൻ സാധിക്കുന്നു.
- മാതാപിതാക്കളുടെ സാന്നിധ്യം കുട്ടിക്ക് സുരക്ഷിതമായ പഠനാന്തരിക്ഷം ഒരുക്കുന്നു.
- ദൈനംദിന ജീവിതത്തിൽ നിന്നും പഠനാനുഭവങ്ങൾ ഉണ്ടാക്കാനുള്ള അവസരം ഒരുക്കാൻ മാതാപിതാക്കൾക്കു മാത്രമേ കഴിയൂ.